(സി) വ്യത്യാസമുണ്ട്. എ.ഐ.സി.ടി.ഇ. നിശ്ചയിച്ചിരിക്കുന്ന 10+2 വിജയം എഞ്ചിനീയറിംഗ് പ്രവേശനത്തിനുള്ള കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയാണ്. സംസ്ഥാനങ്ങൾക്ക് കൂടിയ വിദ്യാഭ്യാസയോഗ്യത നിശ്ചയിക്കുന്നതിനുള്ള അവകാശമുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട സുപ്രീം കോടതിയും അംഗീകരിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് വിഷയങ്ങളുടെ സിലബസ് ഉയർന്ന വിദ്യാഭ്യാസ നിലവാരമുള്ള വിദ്യാർത്ഥികൾക്ക് മാത്രമേ പിൻതുടരുവാനും വിജയകരമായി പൂർത്തിയാക്കാനും സാധിക്കാറുള്ളു. ആയതിനാലാണ് സംസ്ഥാനത്ത് എ.ഐ.സി.ടി.ഇ. യെക്കാൾ ഉയർന്ന വിദ്യാഭ്യാസയോഗ്യത എഞ്ചിനീയറിംഗ് പ്രവേശനത്തിന് നിഷ്ക്കർഷിച്ചിരിക്കുന്നത്. ബന്ധപ്പെട്ട സർവ്വകലാശാല സമിതികളാണ് വിദ്യാഭ്യാസ യോഗ്യത നിർണ്ണയിക്കുന്നത്. നിലവിലുള്ള വിദ്യാഭ്യാസ യോഗ്യതയിൽ മാറ്റം വരുത്തേണ്ടതുണ്ടോ എന്ന് പരിശോധിക്കേണ്ടതും ഈ സമിതികളാണ്.

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ നഷ്ടപ്പെട്ട എം.ബി.ബി.എസ്. സംവരണ സീറ്റുകൾ നികത്താൻ നടപടി

111 [3094] *ശ്രീ. എ. ഡി. മുസ്തഫ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-ൽ കേരള പ്രവേശന പരീക്ഷാ കമ്മീഷണർ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. കോഴ്സിലേക്ക് തെരഞ്ഞെടുത്തയച്ച പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സംവരണം ചെയ്യപ്പെട്ട സീറ്റുകളിലേക്ക് പ്രവേശനം നേടാതിരുന്ന എത്ര പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുണ്ട്;

(ബി) പ്രസ്തുത സംവരണ സീറ്റുകളിലേക്ക് മാനേജ്മെന്റ് നേരിട്ട് പ്രവേശനം നടത്തിയ വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് സ്ഥാപനമാണ് ഇത്തരം പ്രവേശനം നൽകിയത്;

(സി) 2004-ൽ ഇത്തരത്തിൽ പ്രവേശനം ലഭിച്ച സീറ്റുകളിലേക്ക് 2005-ലെ റാങ്ക് ലിസ്റ്റിൽനിന്നും കഴിഞ്ഞ വർഷം നഷ്ടപ്പെട്ട സംവരണ സീറ്റുകളിലേക്ക് ഈ വർഷം അലോട്ട്മെന്റ് നടത്തി പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ നഷ്ടപ്പെട്ട സംവരണ സീറ്റുകൾ നികത്തുവാൻ അടിയന്തിരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2004-ൽ പ്രവേശന പരീക്ഷാ കമ്മീഷണർ തെരഞ്ഞെടുത്തയച്ച എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെയും സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

GPM. 2/608/2012—18

LIBRARY ARCHIVES Kerala Legislative Assembly